പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ. 2315

19-07-2016 ൽ മറുപടി
നൽകിയത്

തൃശ്ശൂർ-പൊന്നാനി കോൾ വികസന പദ്ധതി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) തൃശ്ശൂർ-പൊന്നാനി കോൾ വികസന പദ്ധതിയുടെ ഭാഗമായി നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ ഉത്തരവ് (എം.എസ്) നം171/2012/കൃഷി തീയതി, 11-07-2012 പ്രകാരം കോൾ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി 300 കോടി രൂപയുള്ള പദ്ധതികളും ആർ.കെ.വി.വൈ ൽ ഉൾപ്പെടുത്തി 114.20 കോടി രൂപയുടെ പദ്ധതികളും നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>. കനാലുകൾ, ബണ്ടുകൾ, എഞ്ചിൻതറ, സ്ലൂയിസുകൾ, കനാൽ പാലങ്ങൾ എന്നീ അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികളുടെ തൃശ്ശൂർ, പൊന്നാനി വേർതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു. |

| | തൃശ്ശൂർ | പൊന്നാനി | ആകെ |
|---|---|---|---|
| കനാലുകളും ബണ്ടുകളും | 30 | 32 | 62 |
| എഞ്ചിൻതറ | 37 | - | 37 |
| സ്ലൂയിസുകൾ | - | 30 | 30 |
| കനാൽ പാലങ്ങൾ | 3 | - | 3 |
| ആകെ | 70 | 62 | 132 |

സംസ്ഥാനത്തെ കോൾ മേഖലയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന സർക്കാർ കേന്ദ്ര കൃഷി മന്ത്രാലയം മുമ്പാകെ 799.77 കോടി രൂപയുടെ പാക്കേജ് സമർപ്പിച്ചിരുന്നു.

| | | |
|---|---|---|
| | | കേന്ദ്രസർക്കാർ ടി പാക്കേജ് പുനക്രമീകരിച്ച് 425.20 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. ഇതിൽ ആർ.കെ.വി.വൈ ൽ ഉൾപ്പെടുത്തി 114.20 കോടി രൂപയുടെ 11 പദ്ധതികൾക്കും നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ് വഴി അടിസ്ഥാന സൗകര്യ വികസനത്തിന് 300 കോടി രൂപയുടെ പദ്ധതികൾക്കും അംഗീകാരം നൽകുകയുണ്ടായി. ടി പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>താഴെപറയും പ്രകാരമുള്ള പദ്ധതികളാണ് ആർ.കെ.വി.വൈ ൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്.<br>1. കാർഷിക യന്ത്രവൽക്കരണം<br>2. പെട്ടി-പറയ്ക്ക് ബദലായുള്ള ആധുനിക പമ്പിംഗ് സിസ്റ്റം<br>3. ജൈവകൃഷി വ്യാപനം<br>4. പശുകിടാരികളുടെ വിതരണം<br>5. താറാവ് കൃഷി<br>6. മത്സ്യകൃഷി<br>7. പച്ചക്കറി കൃഷി വ്യാപനം<br>8. കോഴിവളർത്തൽ<br>9. വിത്ത് വിതരണ സംഭരണ കേന്ദ്രം |
| ബി) ആദ്യ പദ്ധതിയിൽ നിന്ന് കഴിഞ്ഞ യു.ഡി.എഫ് സർക്കാർ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത് എന്ന് വ്യക്തമാക്കാമോ; | (ബി) | തൃശ്ശൂർ പൊന്നാനി കോൾ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന വികസന പ്രവർത്തനങ്ങളിൽ ആദ്യ പദ്ധതിയിൽ നിന്ന് കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് മാറ്റങ്ങൾ ഒന്നും തന്നെ വരുത്തിയിട്ടില്ല. |
| (സി) കർഷകരുടെ പങ്കാളിത്തത്തോടെ മുൻ എൽ.ഡി.എഫ് സർക്കാർ ആവിഷ്കരിച്ച പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ